**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ്**

**2023 ഏപ്രിൽ 12**

---

# കോളജ് വിദ്യാർഥികൾക്കായി യംഗ് ടൂറിസം ലീഡേഴ്സ് പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി കോളജ് വിദ്യാർഥികൾക്കായി നടത്തുന്ന കേരള ടൂറിസം ലീഡേഴ്സ് പ്രോഗ്രാമിന് ഏപ്രിൽ 21ന് തുടക്കം കുറിക്കും.

സംസ്ഥാനത്തെ ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. വിദ്യാർഥികളുടെ വിനോദയാത്രകൾ അപകടകരഹിതമാക്കുക, കോളജുകളിൽ ടൂറിസം ക്ലബുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക, ടൂറിസം-ഹോസ്പിറ്റാലിറ്റി മേഖലയുടെ ആഗോള പ്രസക്തിയെക്കുറിച്ച് അറിവു നൽകുക തുടങ്ങിയ പ്രവർത്തനങ്ങളും യംഗ് ടൂറിസം ലീഡേഴ്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കേരളത്തെ സവിശേഷമായ ഒരു ടൂറിസം കേന്ദ്രമെന്ന നിലയിൽ ലോകത്തിന് പരിചയപ്പെടുത്തുന്നതിന് ഉപകരിക്കുന്ന ക്രിയാത്മക ആശയങ്ങൾ വികസിപ്പിക്കാനും വിദ്യാർഥികൾക്ക് അവസരം ലഭിക്കും. ആശയവിനിമയം, ടൂർ ഓപ്പറേഷൻ, ദുരന്തനിവാരണം, ഡിജിറ്റൽ മീഡിയ തുടങ്ങിയ മേഖലകളിൽ അടിസ്ഥാന നൈപുണ്യം നേടാനും സാധിക്കും.

പരിപാടിയുടെ ഭാഗമാകുന്ന വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് നൽകും. രജിസ്റ്റർ ചെയ്യുന്നതിന് വിദ്യാർഥികൾ സ്കൂൾ ഓഫ് ടൂറിസം

സ്റ്റഡീസുമായോ ജില്ലാ ടൂറിസം ക്ലബ് കോ ഓർഡിനേറ്ററുമായോ ബന്ധപ്പെടണം. ഫോൺ- 9995553828, 7510910533, 8111948600.

(പി.ആർ.ഒ/39/401/2023)

## പരീക്ഷകൾ മാറ്റി

അഫിലിയേറ്റഡ് കോളേജുകളുടെ ഈ മാസം 17 ന് തുടങ്ങാനിരുന്ന അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ത്രിവത്സര എൽ.എൽ.ബി(2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), ഒൻപതാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി(2010 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ മാറ്റിവച്ചു. പരീക്ഷകൾ മെയ് 17ന് ആരംഭിക്കും.

(പി.ആർ.ഒ/39/402/2023)

## അധ്യാപക ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇക്കണോമിക്സ്, എൻവയോൺമെൻറൽ സയൻസ് വിഷയങ്ങളിൽ അധ്യാപകരെ ആവശ്യമുണ്ട്.

ഈ വിഷയങ്ങളിൽ പി.ജി യും കുറഞ്ഞത് രണ്ടു വർഷമെങ്കിലും സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകി പരിചയവും ഉള്ളവരെയാണ് പരിഗണിക്കുന്നത്.

താൽപര്യമുള്ളവർ ഏപ്രിൽ 19 ന് മുൻപ് civilserviceinstitute@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ബയോഡാറ്റ അയയ്ക്കണം

(പി.ആർ.ഒ/39/403/2023)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി

ആറാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം(ട്രിപ്പിൾ മെയിൻ - മോഡൽ 3, സി.ബി.സി.എസ്. - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് -

മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രോജക്റ്റ് ഇവാല്യുവേഷനും വൈവ വോസിയും ഈ മാസം 18 മുതൽ അതത് കോളജുകളിൽ നടക്കും.

...........................

ആറാം സെമസ്റ്റർ ബി.എസ്.സി മോഡൽ 1 കെമിസ്ട്രി(പ്യുവർ), മോഡൽ 2 ഇൻഡസ്ട്രിയൽ കെമിസ്ട്രി, മോഡൽ 3 പെട്രോകെമിക്കൽസ് (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) ബിരുദ പരീക്ഷയുടെ വൈവ വോസിയും, പ്രോജക്റ്റ് മൂല്യനിർണയവും, പ്രാക്ടിക്കൽ പരീക്ഷകളും ഏപ്രിൽ 19 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/404/2023)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്.സി പ്ലാൻറ് ബയോടെക്നോളജി (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷനുകൾ സപ്ലിമെൻററി - ഫെബ്രുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 25,26 തീയതികളിൽ അതത് കോളജുകളിൽ നടക്കും.

...........................

മൂന്നാം സെമസ്റ്റർ എം.എസ്.സി ഇൻഫോർമേഷൻ ടെക്നോളജി (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - ഫെബ്രുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഈ മാസം 17 ന് കോന്നി വി.എൻ.എസ് കോളജ് ഓഫ് ആർട്സ് ആൻറ് സയൻസിൽ നടത്തും.

...........................

ആറാം സെമസ്റ്റർ ബി.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ്(സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2019-2017 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 18 മുതൽ അതത് കോളജുകളിൽ നടക്കും.

...........................

ആറാം സെമസ്റ്റർ ബി.എ മ്യൂസിക് വീണ(സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച്

2023) ബീരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 18 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും.

..........................

ആറാം സെമസ്റ്റർ ബി.എസ്.സി മോഡൽ 3 ഇലക്ട്രോണിക്സ്, മോഡൽ 3 കമ്പ്യൂട്ടർ മെയിൻറനൻസ് ആൻ ഇലക്ട്രോണിക്ക്സ്(സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 24 മുതൽ വിവിധ കോളജുകളിൽ നടക്കും.

..........................

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് സ്പോർട്ട്സ് മാനേജ്മെൻറ് (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 17 മുതൽ അതത് കോളജുകളിൽ നടക്കും.

..........................

ഒന്നാം സെമസ്റ്റർ ബി.വോക് സോഫ്റ്റ് വെയർ ഡെവലപ്പ്മെൻറ് ആൻറ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ(പുതിയ സ്കീം, 2022 അഡ്മിഷൻ റഗുലർ - ഫെബ്രുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 17 മുതൽ ആലുവ, സെൻറ് സേവ്യേഴ്സ് വിമെൻസ് കോളജിൽ നടത്തും.

(പി.ആർ.ഒ/39/405/2023)

## <u>പരീക്ഷാ ഫലം</u>

ഒന്നാം വർഷ ഇൻറഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി(ഓണേഴ്സ്, 2020 അഡ്മിഷൻ റഗുലർ - ഏപ്രിൽ 2022) ബിരുദ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഏപ്രിൽ 26 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

..........................

മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ (സി.ബി.സി.എസ് -

2020 അഡ്മിഷൻ റഗുലർ - മാർച്ച് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...........................

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ് - 2020 അഡ്മിഷൻ റഗുലർ - ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 27 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/406/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**